# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3225

## (11.05.2017 ലെ മറുപടിക്ക്)

**വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറി മാറ്റുന്നതിന്റെ നടപടിക്രമങ്ങൾ**

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ. വി.എസ്. ശിവകുമാർ** | **ഡോ. തോമസ് ഐസക്**<br>**(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | തിരുവനന്തപുരം വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറി ഇപ്പോൾ സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽ നിന്നും മാറ്റുവാൻ ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടേക്കാണെന്നും സബ് ട്രഷറി മാറ്റുന്നതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി എന്നും വിശദീകരിക്കുമോ; | വഞ്ചിയൂർ കോടതി പരിസരത്ത് ജുഡീഷ്യൽ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വഞ്ചിയൂർ അഡീഷണൽ സബ്ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി ബഹുമാനപ്പെട്ട ഹൈക്കോടതി നൽകിയിട്ടുണ്ട്. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻകെൽ മുഖേന ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഇതിൽ വഞ്ചിയൂർ അഡീഷണൽ സബ്ട്രഷറിയും ഉൾപ്പെടുന്നു. |
| (ബി) | പഴയ കളക്ടറേറ്റ് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് കൈമാറ്റം ചെയ്യുമ്പോൾ സബ് ട്രഷറി ഉൾപ്പെടെയുള്ള ഭാഗവും കൈമാറ്റം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | നിലവിൽ അഡീഷണൽ സബ്ട്രഷറി പ്രവർത്തിക്കുന്നത് പഴയകളക്ടറേറ്റ് കെട്ടിടത്തിലാണ്. ട്രഷറി ഉൾപ്പെടുന്ന പഴയ കളക്ടറേറ്റ് കെട്ടിടം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് കൈമാറ്റം ചെയ്തിട്ടുള്ളതാണ്. |
| (സി) | സബ് ട്രഷറി മാറ്റി സ്ഥാപിക്കുന്നത് പുതിയ കെട്ടിടം നിർമ്മിച്ചാണോ പഴയ കെട്ടിടത്തിലേക്കാണോയെന്ന് വ്യക്തമാക്കുമോ? | പുതിയകെട്ടിടം നിർമ്മിച്ചശേഷം അതിലേക്കായിരിക്കും വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറി മാറ്റി സ്ഥാപിക്കുന്നത്. |

സെക്ഷൻ ഓഫീസർ